**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6045** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഖാദി വസ്ത്രങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലവാരമുള്ള ഖാദി തുണിത്തരങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോയെന്നറിയിക്കുമോ; | (എ) | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സംസ്ഥാനത്ത് നിലവാരമുള്ള ഖാദി തുണിത്തരങ്ങളാണ് നിർമ്മിക്കുന്നത്. ഖാദി യൂണിറ്റുകളിൽ ഉല്പാദന സമയത്തുതന്നെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 'ഖാദി പഴയ ഖാദി അല്ല' എന്ന സന്ദേശം ജനങ്ങളിൽ എത്തിച്ചുകൊണ്ടും ഖാദിയുടെ പരിശുദ്ധത നിലനിർത്തികൊണ്ടും ഖാദി വസ്ത്രങ്ങൾക്ക് കൂടുതൽ സ്വീകാര്യത ഉറപ്പാക്കുന്നതിന് വസ്ത്രത്തിന്റെ ഗുണനില വാരത്തിലും ഡിസൈനിംഗിലും കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. |
| (ബി) | ഖാദിവസ്ത്രങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | വിവിധ തരത്തിലുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് അനുയോജ്യമായ മെഷീനറികൾ യൂണിറ്റുകളിൽ സ്ഥാപിക്കുകവഴി ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും. യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കൂടുതൽ തൊഴിലാളികളെ നിയമിക്കുകയും ചെയ്യുകവഴി ഉല്പാദനം വർദ്ധിപ്പിക്കാം. ഫാഷൻ ഡിസൈനറുടെ സഹായത്തോടെ പുതിയ തലമുറയെ ലക്ഷ്യമാക്കി സ്ത്രീകൾക്കും കുട്ടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ മോഡേൺ വസ്ത്രങ്ങൾ ഉല്പാദിപ്പിക്കാം. ത്രിതല പഞ്ചായത്തിൽ കൂടിയും സർക്കാർ പദ്ധതി വിഹിതത്തിൽ കൂടിയും ഫണ്ട് ശേഖരിച്ച് മെഷിനറികളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി ഖാദി വസ്ത്രങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. കെ.എസ്.എഫ്.ഇ.യിൽ നിന്നും 25,000 സെറ്റ് മുണ്ടിനും, ഡബിൾ സെറ്റ് മുണ്ടിനും ഉള്ള ഓർഡർ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഖാദി വസ്തങ്ങളുടെ വിൽപന വർദ്ധിപ്പിക്കുന്നതിന് ഓൺലൈൻ വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോമായ ONDC വഴി വില്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതോടൊപ്പം സ്വന്തമായി ഒരു ഓൺലൈൻ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ഖാദി ബോർഡ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ